# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാകത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി10-326/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി10-326/2022 തീയ്യതി: 31/03/2022

## കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 31-01-2022 | 08-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2022 | 08-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രകാശ് ചന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എം എൻ വിജയൻ | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ അനിൽകുമാർ കെ | സെക്രട്ടറി | 23-07-2019 | 29-12-2019 |
| ശ്രീ സാബു പി പി | സെക്രട്ടറി | 30-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു റ്റി | കൃഷി ഓഫീസർ | 01-04-2019 | 20-10-2019 |
| ശ്രീമതി ജ്യോതി റ്റി | കൃഷി ഓഫീസർ | 21-10-2019 | 04-12-2019 |
| ശ്രീ .മുഹമ്മദ് അൻസീം | കൃഷി ഓഫീസർ | 05-12-2019 | 11-02-2020 |
| ശ്രീ .അനൂപ് കൃഷ്ണൻ | കൃഷി ഓഫീസർ | 12-02-2020 | 21-02-2020 |
| ശ്രീ .മുഹമ്മദ് അൻസീം | കൃഷി ഓഫീസർ | 22-02-2020 | 31-03-2020 |
| ഡോ. കൃഷ്ണ കിഷോർ | വെറ്ററിനറി സർജൻ | 01-04-2019 | 26-09-2019 |
| ഡോ. എം കെ സത്യൻ | വെറ്ററിനറി സർജൻ | 27-09-2019 | 31-03-2020 |
| ശ്രീ .തോമസ് തോമസ് | വി.ഇ.ഒ, തോട്ടക്കാട് | 01-04-2019 | 31-03-2020 |
| ശ്രീ .സുജിത്ത്കുമാർ എസ് വി | വി.ഇ.ഒ, വാകത്താനം | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതി രാജ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ. അനി റ്റി പ്രകാശം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. കെ ഓമന | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ബീനാ എബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി കാർത്തിക ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയകുമാരി പി ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-06-2019 |
| ശ്രീമതി ഉഷാഭായി കെ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ .കീർത്തി മാധവ് | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01-04-2019 | 30-12-2019 |
| ശ്രീ ജിതിൻ ബോസ് | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 31-12-2019 | 10-03-2020 |
| ശ്രീമതി ജിജി വി മൻസിൽ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | 11-03-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Emil T Abraham (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 02-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 09-02-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 07-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-02-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-10 |
| 11 | വസ്തു നികുതി നിർണ്ണയം- നിരക്ക് നിശ്ചയിച്ചതിൽ അപാകത<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-11 |
| 12 | വസ്തുനികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ്വെയറിൽ മേഖല , റോഡിന്റെ തരം എന്നിവ നൽകിയിരിക്കുന്നതിൽ അവ്യക്തത<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-12 |
| 13 | വസ്തുനികുതിയിനത്തിൽ 1518151 രൂപ കുടിശ്ശിക<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-13 |
| 14 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-14 |
| 15 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-15 |
| 16 | തൊഴിൽ നികുതി പിരിവ് അപൂർണ്ണം<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-16 |

| | | |
|---|---|---|
| 17 | ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-17 |
| 18 | 2019-20 കാലയളവിൽ തീരുമാനിച്ചിരുന്ന ലേല നടപടികൾ നാളിതുവരേയും നടത്തിയിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-18 |
| 19 | വാടകയിനത്തിൽ42058 രൂപ കുടിശ്ശിക<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-19 |
| 20 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-20 |
| 21 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-21 |
| 22 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-22 |
| 23 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-23 |
| 24 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 714280 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-24 |
| 25 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 152000 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-25 |
| 26 | വൗച്ചർ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-26 |
| 27 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി – ചെലവ് രേഖകളിൽ കൃത്യതയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-27 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-28 |
| 29 | ഫലവൃക്ഷത്തൈ വിതരണം - കൈപ്പറ്റ് രേഖകൾ കൃത്യമല്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-29 |
| 30 | നെൽകൃഷി വികസന പദ്ധതി - അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് നമ്പർ | 1-30 |

| | | |
|---|---|---|
| | ശരിയായി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | |
| 31 | ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Sulatha.D (Audit Officer, On 09-02-2022) | 1-31 |
| 32 | ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചത് - മാർക്കറ്റ് നിരക്കിനേക്കാൾ അധികനിരക്കിൽ തുക ചെലവഴിച്ചത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമായ നടപടി<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-32 |
| 33 | ടോയ് ലെറ്റ് മെയിന്റനൻസ് - വാല്യുവേഷനേക്കാൾ അധികരിച്ച് സബ്സിഡി നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-33 |
| 34 | കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവുചെയ്തില്ല<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-34 |
| 35 | സമൃദ്ധിമഠം -പടിയററോഡ് നിർമ്മാണം -കരാർവച്ച് 3 വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി നടപ്പാക്കിയില്ല-<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-35 |
| 36 | തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-36 |
| 37 | അങ്കണവാടികൾക്ക് കുഴൽക്കിണർനിർമ്മാണം- 2 അങ്കണവാടികളിൽ കിണർനിർമ്മിച്ചിട്ടില്ല.-2,34,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-37 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2022) | 1-38 |
| 39 | ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ - സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല<br>Written By: Sulatha.D (Audit Officer, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-39 |
| 40 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 26-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-40 |
| 41 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണ ഘട്ടത്തിന്റെ സ്റ്റേജ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 09-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 04-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 09-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 05-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Emil T Abraham (Senior Grade Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമമിറ്റിയുടെ 16-2-2019-ലെ യോഗതീരുമാനപ്രകാരം അംഗീകരിച്ച ( അജണ്ട നമ്പർ II ) ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 26-2-2019-ലെ ജനറൽ കമ്മിറ്റിയുടെ I(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,75,92017 |
| വരവ് | 15,37,68,000 |
| ആകെ | 18,13,60,017 |
| ചെലവ് | 165628595 |
| നീക്കിയിരിപ്പ് | 15731422 |

സാങ്കേതികവും മറ്റ് അനിവാര്യവുമായ കാരണങ്ങളാൽ വാർഷികപദ്ധതിയിൽ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ വരവുചെലവുകണക്കുകളിൽ മാറ്റമുണ്ടായതനുസരിച്ച് ബജറ്റ് പുതുക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതുക്കിയ വരവുചെലവുതുകകൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റ്പ്രകാരമുള്ള വരവുചെലവുവിവരങ്ങളും യഥാർത്ഥകണക്കുകളും ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രതീക്ഷ | യഥാർത്ഥ കണക്ക് |
|---|---|---|
| മുന്നിരിപ്പ് | 24924594 | 26629035 |
| വരവ് | 156018400 | 76133550 |
| ആകെ | 180942994 | 102762585 |
| ചെലവ് | 173817595 | 71442637 |
| നീക്കിയിരിപ്പ് | 7125399 | 31319948 |

ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഓ ( ആർ ടി) 3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 06.06.2020-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 26629035 രൂപയും തൻവർഷ വരവ് 76133550രൂപയും തൻവർഷചെലവ് 71442637 രൂപയും വർഷാവസാന നീക്കിയിരിപ്പ് 31319948 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 110782068 രൂപയും ആകെ ചെലവ് 106862510 രൂപയും തൻവർഷ പ്രവർത്തന മിച്ചം 3919558 രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 69700081 രൂപയും ബാധ്യതകളുടെ മൂല്യം 33401329.05/- രൂപയും ജനറൽ ഫണ്ട് 36298751.95 രൂപയുമാണ്. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.21ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.തൊഴിൽ നികുതി, ലൈസൻസ് അക്രൂവൽ വരവുകളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല

5.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

6.സംയുക്ത പ്രോജക്റ്റിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ (പ്രോജക്റ്റ് നമ്പർ -227 /19-20,ലൈഫ് ഭവന നിർമ്മാണ പദ്ധതി ( ജനറൽ )-2500000 രൂപ ) ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല .

7.B- 11 (A) -Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

8.ലോൺ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ അപൂർണ്ണമായതിനാൽ ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂളിൽ 330500201-Secured Loans എന്ന ശീർഷകത്തിൽ KURDFC ലോൺ തിരിച്ചടവായി അവശേഷിക്കുന്ന 8691246 രൂപയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. 2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ (സർക്കാർ നേരിട്ട് കുറവ് ചെയ്തത് ) 316176 രൂ ( ക്രമ. നമ്പർ 4,5 എന്നിവയിൽ സൂചിപ്പിച്ചത് ) ലോൺ ബാദ്ധ്യത തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല.

9. I-18 ഷെഡ്യൂളിലെ Prior Period Itemsൽ ഉൾപ്പെട്ട വസ്തുനികുതി ഡിമാന്റിൽ നിന്ന കുറവ് ചെയ്ത 835445 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

10. വികസനഫണ്ട്-എസ്.സി.പി. ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചിലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11.ബി-5ഷെഡ്യൂളിൽ 330500201-Secured Loans എന്ന ശീർഷകത്തിലുള്ള തുകയും ബി-16ഷെഡ്യൂളിൽ 440500101-Prepaid Expenses എന്ന ശീർഷകത്തിലുള്ള തുകയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ലോൺ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ രീതിയല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം ഉള്ള വരവ്/ ചെവവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 26629035 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76133550 |
| ആകെ | 102762585 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71442637 |
| നീക്കിയിരിപ്പ് | 31319948 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 234000 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് (ചെലവ് പത്രിക പ്രകാരം ഉള്ളത്) | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16580000 | 16580000 | 12492593 | 4087407 | 75.34 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5176000 | 5176000 | 4113721 | 1062279 | 79.47 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 421000 | 421000 | 369973 | 51027 | 87.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 12674124 | 12674124 | 5013065 | 7661059 | 39.55 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 4925000 | 4925000 | 2179428 | 2745572 | 44.25 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8104000 | 8104000 | 2369342 | 5734658 | 29.23 |
| ഐസിഡിഎസ് ഫണ്ട് | 1334297 | 1029427 | 2363724 | 698145 | 1665579 | - |
| ഖരമാലിന്യ പരിപാലനം | 500000 | 0 | 500000 | 0 | 500000 | - |
| ശുചിത്വമിഷൻ ഗ്രാന്റ് | 286280 | 0 | 286280 | 200000 | 86280 | - |
| എൻആർഇജിഎ | 3384 | 12099150 | 12102534 | 12102378 | 156 | |
| TSC | 833292 | 0 | 833292 | 534000 | 299292 | |

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസനഫണ്ട് (ജനറൽ )വരവ് 15970939/-രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് (ജനറൽ ) വരവ് 16580000 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത 609061/-രൂപ ഉൾപ്പെടെ).സർക്കാർ നേരിട്ട് കുറവ് ചെയ്ത 609061/-രൂപയിൽ 301470 രൂപ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല
2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസനഫണ്ട് -എസ്.സി.പി. വരവ് 5146588/-രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് -എസ്.സി.പി. വരവ് 5176000 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത 29412/-രൂപ ഉൾപ്പെടെ).സർക്കാർ നേരിട്ട് കുറവ് ചെയ്ത

29412 രൂപയിൽ 14706 രൂപ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 12674124/- രൂപയിൽ 5013065/- രൂപ മാത്രമാണ് (39.55 %)ചെലവഴിച്ചത്

4. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് വരവ് 8104000/- രൂപയും ചെലവ് 2369342/- രൂപയുമാണ്. അറ്റകുറ്റപ്പണി ആവശ്യമായ റോഡുകൾ ഉള്ളപ്പോൾ 57.34 ലക്ഷം നഷ്ടപ്പെടുത്തിയത് നിരാശാജനകമാണ്.

5.2019-20 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ലഭ്യമാക്കിയില്ല .

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ വാർഷികപദ്ധതിക്ക് 22-12-18-ലെ 4(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 06.03.20ലെ ഉത്തരവ് നം.2707/18 /DPO/DPC/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 25-9-18 |
| ജനപ്രനിധികൾ, ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം | 2-10-18 |
| വർക്കിംഗ് ഗ്രൂപ്പുയോഗങ്ങൾ | 3-12-18- 5-12-18 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 8-12-18 - 12-12-18 |
| ഭിന്നശേഷി ഗ്രാമസഭ | 13-12-18 |
| ഊരുകൂട്ടയോഗം | 6-12-18, 30-4-19 |
| വികസനസെമിനാർ | 18-12-19 |
| വാർഷികപദ്ധതി അംഗീകാരം | |

വാർഷികപദ്ധതി -വരവുചെലവു കണക്കുകൾ

ആകെ 229പ്രോജക്റ്റുകൾക്ക് അംഗീകാരം കിട്ടിയതിൽ 111 പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ പ്രോജക്റ്റുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ 10940979/-രൂപ വകയിരുത്തിയതിൽ 51632634/- രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 46.96 % മാത്രമാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | തുക ചെലവഴിച്ചിട്ടുള്ളവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 3 | 3777400 | 679975 | 18% |
| വെറ്ററിനറി സർജൻ | 3 | 3 | 1800400 | 862900 | 47.92 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഓ (തോട്ടയ്ക്കാട്) | 12 | 11 | 36724085 | 20745679 | 56.49 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 6021560 | 4809891 | 79.87 |
| സെക്രട്ടറി | 39 | 22 | 14651099 | 5295324 | 36 |
| ഹെഡ് മാസ്റ്റർ | 1 | 1 | 120000 | 72100 | 60 |
| അസിസ്റ്റന്റ് എൻജിനീയർ | 139 | 49 | 31248353 | 9727641 | 31 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2000000 | 14,20,939 | 71 |
| വി ഇ ഓ (വാകത്താനം) | 4 | 4 | 6257710 | 4896150 | 78.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 12 | 6540372 | 2322035 | 35.5 |
| ആകെ | 229 | 111 | 10,99,40,979 | 5,16,32,634 | 46.96 |

<u>വാർഷികപദ്ധതിച്ചെലവ് 2.13 കോടി രൂപ നഷ്ടമായി</u>

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമികഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിലും അംഗീകാരം കിട്ടിയ പ്രോജക്ടുകൾ അധികവും നടപ്പാക്കാതെയും ഭാഗികമായി മാത്രം പൂർത്തീകരിക്കുകയും (121എണ്ണം) നടപ്പാക്കിയവയുടെ കാര്യത്തിൽ നിർവ്വഹണഘട്ടത്തിലുണ്ടായ കാലതാമസവും, മാർച്ച്മാസത്തിൽ ട്രഷറിനിയന്ത്രണം മൂലം പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും ബിൽ പാസ്സാകാതെ ക്യൂവിലാവുകയും ചെയ്തതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. വകയിരുത്തിയ തുകയുടെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കാനായുള്ളു. വിവിധ വിഭാഗങ്ങളിലായി ബജറ്റ്പ്രകാരം അനുവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയ തുകയും പ്രോജക്ട് നടപ്പായിട്ടും ട്രഷറിയിൽ പാസ്സാകാതെ ക്യൂലിസ്റ്റിലായ ബിൽ തുകകളും വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നഷ്ടമായത് |
|---|---|

| | |
|---|---|
| വികസനഫണ്ട് -ജനറൽ | 4087407 |
| എസ്.സി.പി | 1062279 |
| റ്റി.എസ്.പി | 51027 |
| ധനകാര്യക്കമ്മീഷൻ അവാർഡ്(അൺടൈഡ്ഗ്രാന്റ്) | 7661059 |
| റോഡ്സംരക്ഷണഗ്രാന്റ് | 5734658 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 2745572 |
| ആകെ | 2,13,42,002 |

വികസനപദ്ധതികൾക്കായി പഞ്ചായത്തിന് ലഭ്യമാക്കുന്ന വിവിധ സർക്കാർഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ നഷ്ടമാകുന്ന സാഹചര്യം പരിശോധിക്കേണ്ടതും ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള പരിഹാരനടപടികൾ വരും വാർഷികപദ്ധതികളിൽ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്കുകൾ

139 പ്രോജക്കുകളുടെ നിർവ്വഹണ ചുമതലയാണ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിരുന്നത്. ആയതിൽ കേവലം 49പ്രോജക്കുകൾക്കുവേണ്ടിയേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ . സ്പിൽ ഓവർ പ്രോജക്കുകൾക്കുള്ള വിഹിതം ലഭ്യമാകാഞ്ഞതിനാൽ തൻവർഷത്തെ പദ്ധതികൾക്കു ചെലവഴിക്കേണ്ട വിഹിതത്തിൽ നിന്നും ചെലവ് നടത്തേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഈ രീതി ഓരോ വാർഷികപദ്ധതികളിലും തുടർന്നുപോരുന്നതായിട്ടാണ് കാണുന്നത്. ഏകവർഷ പ്രോജക്കായി അംഗീകാരം ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതും മൂന്നോ നാലോ മാസങ്ങൾ മാത്രം പൂർത്തീകരണം അനുവദിക്കുന്നതുമായ മിക്ക റോഡ്പ്രവൃത്തികളും യഥാസമയം പൂർത്തീകരിക്കുന്നില്ല. കൂടാതെ തൻവർഷം നടപ്പാക്കിയ 51 പ്രോജക്കുകളുടെ ബിൽ 14-2-20 മുതൽ ട്രഷറിയിൽ സമർപ്പിച്ചത് പാസ്സാകാതെ ക്യൂലിസ്റ്റിൽപ്പെടുകയും ചെയ്തു. ഇക്കാരണങ്ങളാലാണ് ചെലവുശതമാനം കുറഞ്ഞത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 52 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 386 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 91 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 91 പ്രവൃത്തികളും പൂർത്തീകരിക്കാനായിട്ടുണ്ട്. 38924 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 215 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി നീർത്തടാധിഷ്ടിത പ്രവൃത്തികൾ അടങ്ങുന്ന പ്രോജക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11527684 | 11527684 | 11527684 | 0 |
| ഭരണ ചെലവുകൾ | 3384 | 571466 | 574850 | 574694 | 156 |
| ആകെ | 3384 | 12099150 | 12102534 | 12102378 | 156 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം വാകത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98160 | 92 |
| വാർദ്ധക്യകാലപെൻഷൻ | 15639000 | 2422 |
| കർഷകതൊഴിലാളി പെൻഷൻ | 4378200 | 815 |
| വിധവാപെൻഷൻ | 4791600 | 789 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 316800 | 53 |
| വികലാംഗപെൻഷൻ | 1855800 | 316 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2019-20 വർഷം ഈയിനത്തിൽ 88000 രൂപ ചെലവഴിച്ചിട്ടുണ്ട് .

1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് വാകത്താനം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 01/02/2022-ന് 03:00 PM സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 9459/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ചെലവുകൾ നിയമവിധേയമാണോയെന്ന് പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കുമാരെയും അക്കൗണ്ടന്റിനെയും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈൗടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. വൗച്ചറുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയും ചെലവിനാധാരമായ തെളിവുരേഖകൾ സഹിതം ക്രമമായി ബയന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട് . ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്. ഭരണപരവും വികസനപരവുമായ വിവിധ വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് യോഗങ്ങളിൽ തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. ഇക്കാര്യത്തിൽ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത്തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ചട്ടത്തിലെ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2019 | 11/19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.20 -14.02.20 | 2014-15 To 2018-19 | LBA(HQ)11/17/08 A-131/2019-20, 12.03.2020 |

1-11 വസ്തു നികുതി നിർണ്ണയം- നിരക്ക് നിശ്ചയിച്ചതിൽ അപാകത

വസ്തുനികുതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഉപയോഗക്രമം അനുസരിച്ച് ഓരോ കെട്ടിടത്തിനും ച.മീ അടിസ്ഥാനത്തിൽ നികുതി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട് . എന്നാൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവ അടങ്ങിയ വിഭാഗങ്ങൾക്കും , വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ അടങ്ങിയ വിഭാഗങ്ങൾക്കും വാകത്താനം പഞ്ചായത്തിൽ 50 രൂപ / ച.മീ ആയാണ് നിശ്ചയിച്ചിരിക്കുന്നത് .100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ധാരാളം കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട് . ഇക്കാരണത്താൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത് . ഈ വിഷയത്തിൻമേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു .

1-12 വസ്തുനികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റവെയറിൽ മേഖല , റോഡിന്റെ തരം എന്നിവ നൽകിയിരിക്കുന്നതിൽ അവ്യക്തത

വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേഖല , റോഡിന്റെ തരം എന്നിവ നൽകിയിരിക്കുന്നതിൽ അവ്യക്തത . വിശദവിവരം ചുവടെ ചേർക്കുന്നു .

1. ഞാലിയകുഴി ജംങ്ഷനിൽ സ്ഥിതി ചെയ്യുന്ന ( പള്ളം - തോട്ടക്കാട്ട് റോഡ് എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട് .) ചുവടെ സൂചിപ്പിച്ച വാണിജ്യ സ്ഥാപനങ്ങൾക്ക് എല്ലാം വസ്തു നികുതി കണക്കാക്കിയപ്പോൾ മേഖല ദ്വീതീയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയതായി കാണുന്നു .കൂടാതെ റോഡിൻറെ തരം 5 മീറ്ററിൽ കൂടുതൽ ഉണ്ടായിട്ടുകൂടി 1.5 മീറ്ററിൽ കൂടുതൽ എന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത് . ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു .

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 13 | 13/18 മുതൽ 13/30 വരെ |
| 13 | 13/34 മുതൽ 13/ 45 വരെ |

2. ഞാലിയകുഴി - തെങ്ങണ റോഡ് എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള മേഖലയിൽ ചില കെട്ടിടങ്ങൾ ദ്വീതീയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയതായി കാണുന്നു . എന്നാൽ അതേ മേഖലയിലുള്ള മറ്റ് ചില കെട്ടിടങ്ങൾക്ക് പ്രഥമം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതായും കാണുന്നു . .ഉദാഹരണം ചുവടെ ചേർക്കുന്നു

| | |
|---|---|
| ദ്വീതീയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകിയ കെട്ടിടങ്ങൾ (കൂടാതെ റോഡിൻറെ തരം 5 മീറ്ററിൽ കൂടുതൽ ഉണ്ടായിട്ടുകൂടി 1.5 മീറ്ററിൽ കൂടുതൽ | 13/531 മുതൽ 13/546 |

| | |
|---|---|
| എന്നാണ് സൂചിപ്പിച്ചിരിക്കുന്നത് .) | വരെ |
| പ്രഥമം എന്ന എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങൾ ,റോഡിൻറെ തരം 5 മീറ്ററോ അതിൽ കൂടുതൽ | 13/ 655 A , 13/ 655 B |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 13/05.02.22 ) റോഡിന്റെ തരം , മേഖല എന്നിവ സഞ്ചയയിൽ എൻറർ ചെയ്യപ്പോൾ സംഭവിച്ച പിഴവാണെന്നും വളരെ പഴക്കമുള്ള കെട്ടിടമാണെന്നും ആയതിനാൽ Annual Rental Value പ്രകാരം ടാക്സ് നിർണ്ണയിച്ചിട്ടുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് 100 ശതമാനത്തിൽ അധികരിക്കാത്ത നികുതിയാണ് ഈടാക്കുന്നത് എന്നും മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതാകയാൽ റോഡിന്റെ മേഖലയോ , തരമോ ഒന്നും തന്നെ വസ്തു നികുതിയെ ബാധിച്ചിട്ടില്ല എന്നും ഇത് സംബന്ധിച്ച് സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി . ഇത്തരത്തിൽ പുതിയ കെട്ടിടങ്ങൾക്കും മേൽ സൂചിപ്പിച്ച പ്രകാരം തെറ്റായ രീതിയിൽ മേഖല , റോഡിന്റെ തരം എന്നിവയെ ആധാരമാക്കി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ് .

## 1-13 വസ്തുനികുതിയിനത്തിൽ 1518151 രൂപ കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|
| റെസിഡെൻഷ്യൽ (കറണ്ട്) | 392255 |
| റെസിഡെൻഷ്യൽ (അരിയർ) | 175322 |
| നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 686192 |
| നോൺ റെസിഡെൻഷ്യൽ (അരിയർ) | 264382 |
| ആകെ | 1518151 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 03/04/02/22 ) മറുപടി ലഭ്യമാക്കിയില്ല . നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ് . ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും

വ്യവസ്ഥ ചെയ്തിട്ടുണ്ട്. 07.09.2016 തീയതിയിലെ സ.ഉ (സാധാ) നം. 2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ, 24.07.2010 ലെ 22044/ആർ.എ.1/14/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിട നമ്പർ ഇല്ലാത്ത ചുവടെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളിൽ വിവിധ വാണിജ്യ ശാലകൾ പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു . അനധികൃത നിർമ്മാണം തടയുന്നതിന് നടപടികളൊന്നും തന്നെ സ്വീകരിച്ചതായും കാണുന്നില്ല.

1. ഞാലിയാകുഴി -തോട്ടക്കാട് റൂട്ടിൽ സ്ഥിതി ചെയ്യുന്ന തെക്കേക്കര സ്റ്റോഴ്സ് , കെ എൻ ബേക്കറി , മംഗളം ടോയി & സ്റ്റേഷനറി , ഹാർഡ് വെയർ & സാനിറ്ററി ഷോപ്പ് തുടങ്ങിയ കച്ചവട സ്ഥാപനങ്ങൾ അടങ്ങുന്ന ഷോപ്പിംഗ് കോംപ്ലക്സ് (ഓഡിറ്റ് പരിശോധനാ വേളയിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .)

2. ഞാലിയാകുഴി -തോട്ടക്കാട് റൂട്ടിൽ എസ് ബി ഐ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ രണ്ടാം നില (ഓഡിറ്റ് നടത്തിയ പരിശോധനാ സമയത്ത് ഒരു മുറിയിൽ താൽക്കാലികമായി കെ എസ് എഫ് ഇ പ്രവർത്തിക്കുന്നു).

അനധികൃത നിർമ്മാണ രജിസ്റ്റർ ( 'യു.എ' രജിസ്റ്റർ) കാലികമാക്കിയിട്ടില്ല

09/02/2021 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും പഞ്ചായത്ത് പ്രദേശത്ത് ധാരാളം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിലനിൽക്കുന്നതായും അത്തരം എല്ലാ വിധ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി തീയതി സഹിതം 'യു.എ' രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ചുമത്തി അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല .

2019 ലെ കെ.പി.ബി.ആറിലെ ചട്ടം 95 (3) REGISTER FOR REGULARISED CONSTRUCTIONS പ്രകാരം ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും ചട്ടം 104 ൽ അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഇതിൻ പ്രകാരം അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഏതുതരം ചട്ട ലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ട ലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ എല്ലാ മാസവും 25-ാം തിയതിക്ക് മുമ്പായി അതാത് സെക്രട്ടറിമാർ വകുപ്പ് തലവൻമാർക്ക് അയച്ചുകൊടുക്കേണ്ടതും വകുപ്പ് തലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ വാകത്താനം ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ മേൽ നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1.വാർഡ് അടിസ്ഥാനത്തിൽ എല്ലാ വിധ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി തീയതി സഹിതം 'യു.എ' രജിസ്റ്ററിൽ ഉൾപ്പെടുത്തി നിയമാനുസൃത നികുതി ചുമത്തേണ്ടതാണ് .

2. അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ ഏതുതരം ചട്ട ലംഘനമാണ് നടത്തിയത്, ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ട ലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.

1-15 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .

9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക്

നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് .

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിന്റെ 2019-20 കാലയളവിലെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ , വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകകളും ഉണ്ടായിരുന്നില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | പ്ലീന്ത് ഏരിയ (M2)/ഉപയോഗണം (R/O) |
|---|---|---|---|---|
| 1 | A4-1126/2019 | 7/298A തോട്ടക്കാട് | പ്രീതി സന്തോഷ് | 226.35 ( O ) |
| 2 | A4-3705/2019 | 8/447 B തോട്ടക്കാട് | ബിജു തോമസ് | 81 ( O ),<br>100 ( R) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/04.02.2022) കെട്ടിടനികുതി അടവാക്കുന്നതിലേക്ക് റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ /തുക ഒടുക്കിയ രസീതിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി .

ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ലാത്ത കൂടുതൽ കെട്ടിടങ്ങൾക്ക് 2019-20 കാലയളവിൽ നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും . ഇനി മുതൽ ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സെക്ഷനും ഓഫീസ് മേധാവിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

## 1-16 തൊഴിൽ നികുതി പിരിവ് അപൂർണ്ണം

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി /അർദ്ധ വർഷം |
|---|---|---|
| 2 | മണികണ്ഠപുരം ടെമ്പിൾ | 2019-20 II |
| 3 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്,വാകത്താനം | സ്ഥാപന തൊഴിൽ നികുതി II |
| 4 | സ്പാറോ ഹോളോ ബ്രിക്സ് | 2019-20 I, II |
| 5 | ചോയ്സ് വഴിയോരം റെസ്റ്റോറന്റ് | 2019-20 I, II |
| 6 | ക്ളാസിക്ക് വെനീർസ് | 2019-20 I, II |
| 7 | ക്വാളിറ്റി വെനീർസ് | 2019-20 I, II |
| 8 | എം.ജി.എം ഇൻഡസ്ട്രീസ് | 2019-20 I, II |
| 9 | സൗത്ത് ഇൻഡ്യൻ ഫിനാൻസിയേഴ്സ് | 2019-20 I, II |
| 10 | ജോർജിയോൺ എന്റർപ്രൈസസ് | 2019-20 I, II |

2.ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2019-20 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ബേബി .വി.സി,3/33,എം.ജി.എം പ്രസ്സ് |
| 2 | രജി രവി,കാരുണ്യ മെഡിക്കൽസ്,4/426B |
| 3 | ജ്യൂബി സുജേഷ് ,13/550,എം.ജി.എം ക്ലിനിക്കൽ ലാബ് |
| 4 | ബിനോയ് .സി.പീറ്റർ,13/702,ഇൻസ്റ്റിറ്റൂട്ട് ഓഫ് അക്കൗണ്ട്സ് മാനേജ്മെന്റ് |
| 5 | ജഗൻ മാത്യൂസ്,15/340,341വി.കെയർ ഡന്റൽ ക്ലിനിക്ക് |
| 6 | അഭിലാഷ് പ്രസാദ്,18/608,യൂണികെയർ ലാബ് |
| 7 | ജോൺ ബെൻസൺ,ജോബി മെഡിക്കൽസ്,18/612 |
| 8 | ഉഷ പി.ആർ,20/310, ഉഷസ് ക്ലിനിക്കൽ ലാബ് |
| 9 | വർഗ്ഗീസ് ഏബ്രഹാം,20/564,റോയ് കോഫി |

3.കൂടാതെ 2019-20 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച റേഷൻ കടകൾ,കള്ള് ഷാപ്പുകൾ ,ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ നൽകിയ എൻക്വറിക്ക് (എൻക്വറി നമ്പർ 28/08.02.2022) മറുപടി ലഭിച്ചിട്ടില്ല.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കി രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-17 ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിനു ശേഷം കെട്ടിടനിർമ്മാണം നടത്തുന്നുണ്ടോയെന്നത് പരിശോധിക്കുന്നില്ല. ഓഡിറ്റ് കാലയളവിൽ കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം തന്നെയാണ് ഭൂവികസന പെർമിറ്റും അനുവദിച്ചിരുന്നത്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12(7) പ്രകാരം ഭൂനിരപ്പ് വരെ മണ്ണ് നീക്കം ചെയ്ത ശേഷം ബാക്കി പണികൾക്ക് വേണ്ടി തൻവർഷം ഭൂവികസന പെർമിറ്റ് എടുത്ത ആരും തന്നെ അപേക്ഷിക്കുകയോ ഉപ ചട്ടം 8 പ്രകാരം, തുടർ പണികൾക്കായി അനുബന്ധം C-1 മുഖേന സെക്രട്ടറി അനുമതി നൽകുകയോ ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷം മുതൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ വളരെ കുറവ് പ്ലോട്ടുകളിൽ മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളത് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു . ഓഡിറ്റ് കാലയളവിൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ( ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയത് ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച ഭൂവികസന പെർമിറ്റുകളുടെ എണ്ണം | ഭൂവികസന പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിന്റെ എണ്ണം |
|---|---|---|
| 2019-20 | 54 | 2 |

കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ വളരെ കുറവ് പ്ലോട്ടുകളിൽ മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളതെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. പെർമിറ്റ് കാലാവധി മൂന്ന് വർഷം ഉണ്ടെങ്കിൽ പോലും 54 ഭൂവികസന പെർമിറ്റുകളിൽ കേവലം 2 കെട്ടിടങ്ങൾക്ക് മാത്രമെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളൂ എന്നുള്ളത് ആശങ്ക ഉണ്ടാക്കുന്ന കാര്യമാണ് . . ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണു നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും മേൽ പട്ടിക പ്രകാരം വസ്തുനികുതി നിർണ്ണയം നാളിതുവരെ നടത്തിയിട്ടില്ലാത്ത പ്ലോട്ടുകളിൽ പരിശോധന നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഭൂവികസന പെർമിറ്റുകൾ അനുവദിക്കുമ്പോൾ നിലവിൽ 18/09/2021 ലെ സ.ഉ(സാധാ) നം.1795/2021/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ് .

## 1-18 2019-20 കാലയളവിൽ തീരുമാനിച്ചിരുന്ന ലേല നടപടികൾ നാളിതുവരേയും നടത്തിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ വിവിധ ലേല നടപടികൾ നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു എങ്കിലും ലേല നടപടികൾ നാളിതുവരേയും നടത്തിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

1. ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 22.8.19 ലെ അജണ്ട 17 ,തീരുമാനം -1 പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലുള്ള പാഴ്വസ്തുക്കളുടെ വാല്യുവേഷനെടുത്ത് ലേലം ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ലേല നടപടികൾ നാളിതുവരേയും നടത്തിയിട്ടില്ല .

2. ഗവ. മൃഗാശുപത്രി പരിസരത്ത് അപകടകരമായി നിൽക്കുന്ന ആഞ്ഞിലി മരം മുറിക്കുന്നതിനാവശ്യമായ തുടനടപടികൾ സ്വീകരിക്കാൻ (7.9.19 ലെ അജണ്ട 10 ,തീരുമാനം -1 പ്രകാരം-

ജില്ലാ ട്രീ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു ) പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച തുടർനടപടികൾ നാളിതുവരേയും സ്വീകരിച്ചിട്ടില്ല . ആഞ്ഞിലി മരം നിലവിലും അപകടകരമായ അവസ്ഥയിൽ തുടരുകയാണ് .

3. മാലകുന്ന് സാംസ്കാരിക നിലയത്തിലെ മുറിച്ചിട്ടിരിക്കുന്ന തടി ( പ്ലാവ് ) ലേലം ചെയ്യുന്നതിനാവശ്യമായ തുടനടപടികൾ സ്വീകരിക്കാൻ (28.10.19 ലെ അജണ്ട 6 ,തീരുമാനം -1 ) പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച തുടർനടപടികൾ നാളിതുവരേയും സ്വീകരിച്ചിട്ടില്ല .

മേൽ വിഷയങ്ങളിൽ മേൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

എൻക്വയറി നം - 06/2019-20 , തീയതി - 04/02/2022

## 1-19 വാടകയിനത്തിൽ42058 രൂപ കുടിശ്ശിക

വാടകയിനത്തിൽ 31.03.2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് 42058 രൂപ ലഭിക്കാനുള്ളതായി കാണുന്നു . തുക നാളിതുവരേയും ഈടാക്കിയിട്ടില്ല .വാടകയിനത്തിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 06/04.02.22 ) തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി . കുടിശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-20 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും 2019-20 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സഞ്ചയയിലെ വിശദാംശം പ്രകാരം വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 1612 |
| 2019-20 വർഷത്തിൽ പഞ്ചായത്ത് നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം | 390 |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ 2019-20ൽ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല . ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം ലൈസൻസെടുത്ത് പ്രവർത്തിച്ച സ്ഥാപനങ്ങൾ 390 എണ്ണം മാത്രമാണ്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര /വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.കെട്ടിടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലൈസൻസോടെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 25 % ൽ താഴെ മാത്രമാണ്.അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (04/04.02.2022) വാണിജ്യാ ആവശ്യത്തിനായി നിർമ്മിച്ച ഒട്ടേറെ കെട്ടിടങ്ങൾ അടഞ്ഞ് കിടക്കുന്നുണ്ടെന്നും ലൈസൻസില്ലാതെ പ്രവൃത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം

149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ തുടങ്ങിയവയേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-21 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 (1) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിപ്പിക്കാൻ പാടുള്ളതല്ല. എന്നാൽ വാകത്താനം പഞ്ചായത്ത് പരിധിയിൽ 2019-20 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ഡെന്റൽ ക്ലിനിക്, അന്ന മാത്യൂസ് |
| 2 | ഹോമിയോ ക്ലിനിക് , കുസുമം സൂസൻ മാണി |
| 3 | ഡോ. കുര്യൻസ് മെഡിക്സ് |
| 4 | ഡോ. ശശിധരൻ ക്ലിനിക്ക് |

ക്രമ നമ്പർ ഒന്ന് ഒഴികെ മറ്റ് സ്ഥാപനങ്ങൾ നിലവിലും രജിസ്ട്രേഷൻ എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/04.02.22) ലൈസൻസ് എടുക്കുന്നതിനുനതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി . രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-22 ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2019-20വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് / നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ |
|---|---|---|---|---|

| | | | | ഫീസ് |
|---|---|---|---|---|
| 1 | അമ്പാടിപടി - തൃക്കോതമംഗലം ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് -വാർഡ് -2 | 2 | 1029 | 2058 |
| 2 | കണ്ണൻചിറ-കോട്ടക്കുഴി റോഡ് കോൺക്രീറ്റിംഗ് -വാർഡ് -10 | 2 | 893 | 1786 |
| 3 | മരങ്ങാട് എൽ പി സ്കൂൾ മെയിന്റനൻസ് | 2 | 913 | 1826 |
| 4 | കുടുംബശ്രീ ഓഫീസ് നിർമ്മാണം | 2 | 1071 | 2142 |
| 5 | ഊനുകല്ല് -പോസ്റ്റ് കമ്പനി പമ്പ് ഹൗസ് റോഡ് ക്രോസ് ഡ്രെയിൽ നിർമ്മാണവും റോഡ് ഫോർമേഷനും -വാർഡ് -15 | 2 | 893 | 1786 |
| 6 | ഫ്രണ്ട് ഓഫീസ് നിർമ്മാണം | 2 | 1071 | 2142 |
| 7 | പൊതു ശ്മശാനം അടിസ്ഥാന സൗകര്യ വികസനം -വാർഡ് -18 | 2 | 1155 | 2310 |
| ആകെ | | | | 14050 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു . എന്നാൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ഈ പഞ്ചായത്തിൽ തുടങ്ങിയിട്ടില്ല .സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ് .

2019-20വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

1-23 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 2019-20വാർഷികകണക്കുപ്രകാരം 21,591 രൂപ ഇത്തരത്തിൽ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 150120105 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്.

രേഖാമൂലം മറുപടി ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി അപാകത

ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബാരൽവില ഇനത്തിൽ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുകഅതാത് ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതും ജി.എസ്.റ്റി തുക നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതുമാണ്.

1-24 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 714280 രൂപ തിരികെ ഈടാക്കണം

വാകത്താനം പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക (സാമൂഹ്യസുരക്ഷാ പെൻഷൻ തുക) |
|---|---|---|---|
| 1 | അമ്മിണി കുട്ടപ്പൻ | 105600100831 | 104700 |
| 2 | വി.കെ സരോജം | 105600100904 | 104700 |
| 3 | കെ.എം ജോസഫ് | 105600100920 | 104700 |
| 4 | അമ്മിണി | 105600200784 | 61100 |
| 5 | അമ്മിണി എം കെ | 105600201285 | 65200 |
| 6 | വിലാസിനി ഗോപി | 105600202268 | 46200 |
| 7 | ജി.സ്വരൂപ് | 105600400198 | 66500 |
| 8 | പുഷ്പകുമാരി | 105600600114 | 116580 |
| 9 | സി ജി ചെല്ലമ്മ | 105600600791 | 44600 |
| ആകെ | | | 714280 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/03.02.22 ) മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തുക തിരികെ ഒടുക്കണം എന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി . മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 152000 രൂപ തിരികെ

ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ വാകത്താനം ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ട പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ചെല്ലമ്മ ദാമോദരൻ | വാർദ്ധക്യകാല പെൻഷൻ (75 വയസ്സിൽ കൂടുതൽ) | 105600200196 | 19/12/19 | 17/01/20 | 01/20 മുതൽ 12/21 വരെ | 36900 |
| 2 | എം സി മർക്കോസ് | വാർദ്ധക്യകാല പെൻഷൻ | 105600201055 | 07/02/20 | 05/03/20 | 03/20 മുതൽ 12/21 വരെ | 32200 |
| 3 | ജോസഫ് വി എം | വാർദ്ധക്യകാല പെൻഷൻ | 105600201294 | 11/02/20 | 06/03/20 | 03/20 മുതൽ 12/21 വരെ | 32200 |
| 4 | അമിൽ റ്റി ഏലിയാസ് - | ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 105600400064 | 02/02/20 | 20/03/20 | 03/20 മുതൽ 12/21 വരെ | 32200 |
| 5 | അച്ചാമ്മ മാത്യു | വാർദ്ധക്യകാല പെൻഷൻ | 105600201153 | 08/04/20 | 15/05/20 | 05/20 മുതൽ 05/21 | 18500 |
| ആകെ | | | | | | | 152000 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ വാകത്താനം ഗ്രാമപഞ്ചായത്തിൽ 2019 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് ( നം - 02/2019-20,തീയതി -03/02/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 152000/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-26 വൗച്ചർ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ

1)വൗച്ചർ നമ്പർ 2190171/29.05.2021 പ്രകാരം 14000/-രൂപയ്ക്ക് Inv No.B/558/28.05.2019)ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ (മഹീന്ദ്ര ബോലേറോ ജീപ്പ് KL33B3555) രണ്ട് ടയർ അസോസിയേറ്റഡ് ടയേഴ്സിലിൽ നിന്നും വാങ്ങിയിട്ടുണ്ട്.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ടയർ വാങ്ങിയിട്ടുള്ളത്.ക്വട്ടേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ആവശ്യകതാ സാക്ഷ്യപത്രം ,എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ആവശ്യകതാ സാക്ഷ്യപത്രം ,പി.ഡബ്ല്യു എഞ്ചിനീയറിൽ നിന്നുള്ള റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ നൽകിയ എൻക്വറിക്ക് (എൻക്വറി നമ്പർ 27/08.02.2022) മറുപടി ലഭിച്ചിട്ടില്ല.

2)a) വൗച്ചർ നമ്പർ 21900036/03.04.2019 പ്രകാരം 6400/-രൂപ സാമൂഹ്യ സുരക്ഷാ വിധവാ പെൻഷന്റെയും 100 ,ദേശീയ വാർധ്യക കാല പെൻഷന്റെയും 100 വീതം ഫോറങ്ങൾ ഉൾപ്പടെ വിവിധ ഫോറങ്ങളുടെ പ്രിന്റിംഗ് ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. (MGM Offset Press)

B)ഗ്രാമ ലക്ഷ്മീ മുദ്രാലയത്തിൽ നിന്നും Inv No.PGT/GSTINV/550/2019-20/29.06.2019)പ്രകാരം 34641/-രൂപയ്ക്ക് വിവിധ ഫോറങ്ങളും രജിസ്റ്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതിനുള്ള വാഹന ചാർജ്ജ് ഇനത്തിൽ 1500/- രൂപ ചെലവഴിച്ചിട്ടുണ്ട്.(കെ.ആർ.എസ് പാർസൽ സർവ്വീസ് ) വൗച്ചർ നമ്പർ 21900310/06.07.2019 .ഇതിൽ 200എണ്ണം വിധവാ പെൻഷനുള്ള ഫോറങ്ങൾ ഉൾപ്പടുന്നുണ്ട്.മേൽ ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിക്ക് (എൻക്വറി നമ്പർ 27/08.02.2022) മറുപടി ലഭിച്ചിട്ടില്ല.

മേൽ ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - ചെലവ് രേഖകളിൽ കൃത്യതയില്ല

പ്രോജ. നം.134/20, കറവപ്പശുക്കൾക്ക് കാലിത്തീറ്റ (വനിത)

ചെലവ് - 1071000/-(വി.ഹ – 8 ലക്ഷം + ബ്ലോക്ക് - 271000)

ബിൽ നം.4, 5,, 6, 7, 9 തീ.11.3.2020

തൻ വർഷം പ്രോജക്ടിൽ വിവിധ ബില്ലുകളിലായി ആകെ 1071000/- രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെപ്പറയുന്ന വിവിധ സംഘങ്ങളിലെ 134 ക്ഷീര കർഷകർക്ക് സബ്സിഡി നൽകിയതായി അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ വിതരണ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കപ്പെട്ട സബ്സിഡി | റിമാർക്സ് |
|---|---|---|---|---|
| 1. | തോട്ടക്കാട് | 20 | 73600 | ആകെ സബ്സിഡി തുക പൊരുത്തപ്പെടുന്നില്ല |
| 2. | ഉദിക്കൽ | 38 | ലഭ്യമല്ല | ആകെ സബ്സിഡി തുക കണക്കാക്കിയിട്ടില്ല |
| 3. | പത്താംമുട്ടം | 3 | ലഭ്യമല്ല | ആകെ സബ്സിഡി തുക കണക്കാക്കിയിട്ടില്ല |
| 4. | പാലമറ്റം | 4 | ലഭ്യമല്ല | ആകെ സബ്സിഡി തുക കണക്കാക്കിയിട്ടില്ല |
| 5. | ഇരവുചിറ | 16 | ലഭ്യമല്ല | ആകെ സബ്സിഡി തുക കണക്കാക്കിയിട്ടില്ല |
| 6. | അട്ടച്ചിറ | 19 | 173550 | അപാകതയില്ല |
| 7. | പൊങ്ങന്താനം | 24 | 185500 | അപാകതയില്ല |
| 8. | വാകത്താനം | 10 | ലഭ്യമല്ല | ആകെ സബ്സിഡി തുക കണക്കാക്കിയിട്ടില്ല |
| | ആകെ | 134 | 1071000/- | |

എന്നാൽ 1289255/- രൂപയുടെ കേരള ഫീഡ്സിന്റെ ബിൽ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി തുക പ്രോജക്ട് ചെലവിനേക്കാൾ കൂടുതലായതിനാൽ അധികമുള്ള തുക ക്രമീകരിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് ക്ഷീരസംഘത്തിന്റെ ഔദ്യോഗിക ലെറ്റർ പാഡിലുള്ളതല്ല. ഇതിൽ അതാത് സംഘത്തിന്റെ ഒപ്പോ സീലോ രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ 6 സംഘങ്ങളിൽ ഉൾപ്പെട്ട കർഷകർക്ക് അർഹതപ്പെട്ട സബ്സിഡി മാസം തിരിച്ച് കൃത്യമായി തയ്യാറാക്കാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/07.02.2022) മറുപടി ലഭ്യമായില്ല. സബ്സിഡി വിതരണ സ്റ്റേറ്റ്മെന്റ് ഓരോ സംഘം തിരിച്ച് തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 വയോജനങ്ങൾക്ക് കട്ടിൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

പ്രോജ.നം.81/2019-20

ചെലവ് - 540100/-

ബിൽ നം.4/20.01.2020

'വയോജനങ്ങൾക്ക് കട്ടിൽ' എന്ന പദ്ധതിയിൽ കട്ടിൽ വിതരണം ചെയ്തതിൽ താഴെപ്പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

വാർഡ് 9 ൽ റാഫേൽ ജോൺ, തെക്കേ കുന്നേൽ എന്ന ഗുണഭോക്താവിന്റെ പേര് വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ടി ഗുണഭോക്താവ് കട്ടിൽ കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ടിയാന്റെ കൈപ്പറ്റ് രസീത് വാങ്ങി ലഭ്യമാക്കി.

വാർഡ് 10 ൽ ചെല്ലമ്മ സുരേന്ദ്രൻ, പഞ്ചമം എന്ന ഗുണഭോക്താവിന്റെ പേര് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കൈപ്പറ്റിയതായി രേഖപ്പെടുത്താതിരുന്നതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/7.02.2022) ടി ഗുണഭോക്താവ് എസ്.സി വിഭാഗത്തിൽപ്പെട്ടതും അസി.സെക്രട്ടറിയുടെ സമാന പ്രോജക്ടിൽ ഉൾപ്പെടുത്തി കട്ടിൽ നൽകിയതിനാൽ ഒഴിവാക്കിയതായും 10-ാം വാർഡിലെ ഗുണഭോക്തൃ ലിസ്റ്റിൽ മറ്റാരും അവശേഷിക്കാത്തതിനാൽ 11-ാം വാർഡിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ജാനകി കുട്ടപ്പൻ എന്ന മറ്റൊരു ഗുണഭോക്താവിന് കട്ടിൽ നൽകിയതായും അറിയിച്ചു. ടിയാന്റെ കൈപ്പറ്റ് രസീതും മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിതരണം, കൈപ്പറ്റ് ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ആധികാരികമാക്കേണ്ടതും സമാന പ്രോജക്ടിലെ ആനുകൂല്യങ്ങൾ മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഫലവൃക്ഷത്തൈ വിതരണം - കൈപ്പറ്റ് രേഖകൾ കൃത്യമല്ല

പ്രോജ.നം.174/20

ചെലവ് - 18750/-

ബിൽ നം. 17/24.3.2020

ടി പ്രോജക്ടിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഫലവൃക്ഷത്തൈകൾ കൈപ്പറ്റിയതായി രേഖയില്ല

1.ജയിസമ്മ ജോസഫ്, ലിസി വിലാസ് (വാർഡ് 20)

2.ഓമന ജോൺ, കാട്ടിപ്പറമ്പിൽ (വാർഡ് 20)

3.വിനോദ് എബ്രഹാം, നാങ്കുളത്ത് (വാർഡ് 20)

4.ജയിംസ് ജോസഫ് (വാർഡ് 7)

കൂടാതെ പല ഗുണഭോക്താക്കളുടേയും അപേക്ഷകളിൽ വാർഡ് നമ്പർ ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/07.02.2022) കോവിഡിന്റെ തുടക്കകാലമായിരുന്നതിനാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത വാങ്ങാൻ സാധിച്ചില്ലെന്നും അപാകത ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വാർഡ് അടിസ്ഥാനത്തിലായതിനാൽ അപേക്ഷയിൽ വാർഡ് നമ്പർ രേഖപ്പെടുത്തി അർഹരായവർക്ക് തന്നെയാണോ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 നെൽകൃഷി വികസന പദ്ധതി - അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് നമ്പർ ശരിയായി രേഖപ്പെടുത്തിയിട്ടില്ല

പ്രോജ നം. 60/2019-20, നെൽകൃഷി വികസന പദ്ധതി

ചെലവ് - 646225/- (വി.ഫ)

ബിൽ നം. - 7/3.01.2020

ടി പ്രോജക്ടിൽ കളപ്പുരയ്ക്കൽ കടവ് - വല്യേരി മേച്ചേരിച്ചാൽ തെക്ക് പാടശേഖരത്തിലെ കൃഷിക്കാരായ ശ്രീ.തോമസ് പി. ജേക്കബ്, ശ്രീ.റ്റിറ്റി വർഗ്ഗീസ്, ശ്രീ. ലാലു കെ. ജോൺ, ശ്രീ. ചാക്കോ.സി.യു എന്നിവർ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കല്ല ടി ഗുണഭോക്താക്കളുടെ തന്നെ മറ്റ് ബാങ്ക്

അക്കൗണ്ടിലേക്കാണ് സബ്സിഡി തുക കൈമാറിയിട്ടുള്ളത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/7.02.2022) ഗുണഭോക്താക്കളുടെ തന്നെ മുൻ രജിസ്ട്രേഷൻ പ്രകാരമുള്ള അവരുടെ അക്കൗണ്ടുകളിലേക്കാണ് സബ്സിഡി നൽകിയതെന്നും ടി ഗുണഭോക്താക്കൾക്ക് കൃത്യമായി തുക ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. അപേക്ഷയിൽ രേഖപ്പെടുത്തുന്ന ഗുണഭോക്തൃ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെ ആനുകൂല്യം ലഭ്യമാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചില്ല

സ.ഉ. (എം.എസ്.) നം.31/07 സാ.ക്ഷേ.വ. തീയതി 23.06.2007 പ്രകാരം ജാഗ്രതാ സമിതികളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജാഗ്രതാ സമിതി യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവ് ഖ.1-3ൽ ഓരോ ഗ്രാമ പഞ്ചായത്തിലും വാർഡു തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് തലത്തിലെ സമിതികളുടെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ പങ്ക് വഹിക്കേണ്ട ജാഗ്രതാ സമിതികൾ പ്രവർത്തനരഹിതമാവുന്ന അവസ്ഥ ഗ്രാമ പഞ്ചായത്തിൽ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് കാര്യമായ ഇടപെടലുകൾ നടത്താത്തതാണ് ജാഗ്രതാ സമിതികളുടെ നിഷ്ക്രിയാവസ്ഥക്ക് കാരണമാവുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/07.02.2022) ഓഡിറ്റ് വർഷം ജാഗ്രതാ സമിതി കൂടിയിട്ടില്ലായെന്നും നിലവിൽ പ്രവർത്തനം ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികളെ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചത് - മാർക്കറ്റ് നിരക്കിനേക്കാൾ അധികനിരക്കിൽ തുക ചെലവഴിച്ചത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമായ നടപടി

| | |
|---|---|
| ചെലവ് | 28434/- |
| ബിൽനമ്പർ | 12/23-7-19 |
| ഫണ്ട് | വികസനഫണ്ട്-ജനറൽ |

വാർഷികപദ്ധതിരൂപീകരണവും മോണിറ്ററിംഗും എന്ന പ്രോജക്ടിൽപ്പെടുത്തി 2019-20-ലെ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചവകയിൽ എം.ജി.എം ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് ബിൽനമ്പർ 12/23-7-19പ്രകാരം വികസനഫണ്ടിൽനിന്നും 28434/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരുപേജിന് 2.75 രൂപ നിരക്കിൽ 234 പേജുള്ള ഒരുബുക്കിന് 643/- രൂപയും ഒരുബുക്കിന്റെ ബയന്റിംഗ് ചാർജ് 100/- രൂപയും എന്നകണക്കിൽ 38 ബുക്കുകൾ അച്ചടിച്ച വകയിൽ 28434/- ( 634* 38 + 100*38) രൂപ അനുവദിക്കണമെന്ന സ്ഥാപനമാനേജരുടെ 4-7-19 അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. 20000/-രൂപയിൽ കൂടുതൽ ചെലവുവരുന്ന സംഗതികളിൽ ക്വട്ടേഷൻ ടെൻഡർ നടപടികൾ സ്വീകരിക്കണമെന്ന സ്റ്റോർപർച്ചേയ്സ് നിയമം പാലിച്ചിട്ടില്ല. 20cm നീളവും 14 Cmവീതിയുമുള്ള ഒരു ബുക്കിലെ പേജ് സെറ്റ്ചെയ്യുന്നതിന് നിലവിലെ മാർക്കറ്റ് നിരക്കനുസരിച്ച് 10/-രൂപയാണ് ഈടാക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ ഒരുബുക്ക് തയ്യാറാക്കുന്നതിന് പരമാവധി 2350/-രൂപ മാത്രമാണ് ആകുന്നത് ( 235* 10=2350) കൂടാതെ കോപ്പികളുടെ എണ്ണമനുസരിച്ച് ഒരുപേജിന് 1രൂപ നിരക്കിൽ കണക്കാക്കിയാൽ 38 ബുക്കുകൾക്ക് 8930/- (235* 1 * 38) രൂപയുമാണ് ചെലവ് വരുന്നത്. അതനുസരിച്ച് ഏകദേശം 11280/- (2350+ 8930) രൂപ ചെലവുവരുന്ന സ്ഥാനത്ത് 28234/-രൂപ കണക്കാക്കി തുക അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിൽനിന്നും അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ അച്ചടിച്ച ഗുണഭോക്തൃലിസ്റ്റ്

സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല

രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചാണ് എംജിഎം.എന്ന സ്ഥാപനത്തിന് പ്രിന്റിംഗ് ജോലികൾ ഏൽപ്പിച്ചുനൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട് . ക്വട്ടേഷൻ നടപടികളിലൂടെയാണ് തൻവർഷത്തെ പ്രിന്റിംഗ് ജോലികൾ സ്ഥാപനത്തിന് നൽകിയിട്ടുള്ളതെങ്കിലും, 234 പേജുള്ള ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചതിന് വളരെ ഉയർന്നതും സാമാന്യയുക്തിക്ക് നിരക്കാത്തതുമായ നിരക്കാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ക്വട്ടേഷൻ/ടെൻഡർ നടപടികളിലൂടെ ഒരുവർഷത്തെ പ്രിന്റിംഗ് ജോലികൾ ഏൽപ്പിക്കുന്നതിന് മുന്നോടിയായി പ്രാദേശികാന്വേഷണം നടത്തി ഓരോന്നിന്റെയും നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തുന്നത് കാലികമായി നിലനിൽക്കുന്ന യുക്തമായ നിരക്കാണെന്ന് ബോധ്യപ്പെടേണ്ടതും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കത്തക്കതരത്തിൽ അധികനിരക്ക് ക്വോട്ട് ചെയ്തിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയത് പഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതും ഇത്തരം അധിക ചെലവുകൾ ഉണ്ടാകുന്നില്ലായെന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-33 ടോയ് ലെറ്റ് മെയിന്റനൻസ് - വാല്യുവേഷനേക്കാൾ അധികരിച്ച് സബ്സിഡി നൽകി

പ്രോജ. നം.233/20

ചെലവ് - 277200/-

ബിൽ നം.5/6.11.2019, 75/2.3.2020

ടോയ് ലെറ്റ് മെയിന്റനൻസ് എന്ന പ്രോജക്ടിൽ താഴെപ്പറയുന്ന ഗുണ ഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ വാലുവേഷൻ തുകയേക്കാൾ കൂടുതലായി സബ്സിഡി നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്, വാർഡ് | വാലുവേഷൻ തുക | നൽകിയ തുക | അധികമായി നൽകിയത് |
|---|---|---|---|---|
| 1. | ഡൊമിനിക് ജോസഫ്, കിഴവറയിൽ (വാർഡ് 9) | 9000 | 9240 | 240 |
| 2. | മിനി ബിജു, വടക്കേത്തറ, പൊങ്ങന്താനം (വാർഡ് 15) | 9000 | 9240 | 240 |
| 3. | അന്നമ്മ മാത്യു, നാങ്കുളം, ഇരവുചിറ (വാർഡ് 10) | 9000 | 9240 | 240 |
| | ആകെ | | | 720/- |

വാലുവേഷനേക്കാൾ അധികമായി ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/7.02.2022) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക തിരികെ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവുചെയ്തില്ല

ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ അളവുപുസ്തകപ്രകാരമുള്ള ആകെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി

കോമ്പൻസേഷൻ ഇനത്തിൽ വേലമൂല്യത്തിന്റെ 12% തുക കൂടി കരാറുകാരന് അനുവദിച്ചിരുന്നു. എന്നാൽ കരാറുകാർ പ്രസ്തുത വേലകളുടെ ജി.എസ്.റ്റി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 129/20
2. „ 244/20
3. „ 17/20
4. „ 18/20
5. „ 129/20

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു നൽകിയ സാഹചര്യത്തിൽ ഇപ്രകാരം കോമ്പൻസേഷൻ അനുവദിച്ച ഓരോ പ്രവൃത്തികളുടെയും ജിഎസ് ടി തുക ബന്ധപ്പെട്ട വകുപ്പിൽ കരാറുകാർ അടവാക്കിയിട്ടുണ്ടെന്ന വിവരം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ജിഎസ് റ്റി പിടിക്കാതെ അധികമായി അനുവദിച്ചുനൽകിയ തുക ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 1-35 സമൃദ്ധിമഠം -പടിയററോഡ് നിർമ്മാണം -കരാർവച്ച് 3 വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി നടപ്പാക്കിയില്ല-

15-ാം വാർഡിൽ സമൃദ്ധിമഠം- പടിയറ എന്നപേരിലുള്ള പുതിയ മൺറോഡിന്റെ നിർമ്മാണത്തിനായി തനതുഫണ്ട് 50000/-രൂപ വകയിരുത്തി 2018-19-ൽ പ്രോജക്ടിന് സാങ്കേതികാനുമതിയും ഡിപിസി അംഗീകാരവും ലഭിച്ചിരുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടനുസരിച്ച് 52 മീറ്റർ മുതൽ 134 വരെയുള്ള 82മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുന്നതിന് NCFRW സ്കീമിൽ പ്പെടുത്തി അതേ വാർഡിൽ നടക്കുന്ന മറ്റൊരു റോഡ് പണിയുടെ ഭാഗമായി ലഭിക്കുന്ന ഗ്രാവൽ വിരിക്കുകയും, ശേഷം ക്വാറി മക്ക് ഫില്ലിംഗുമാണ് ഉദ്ദേശിച്ചിരുന്നത്.ടെൻഡർ നടപടികളുടെ ഭാഗമായി ശ്രീ.ബിജുതോമസ്, പള്ളത്തുശ്ശേരിൽ,ചങ്ങനാശ്ശേരി എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ്നിരക്കിലുള്ള ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരികകുകയും ( 4-10-18-ലെ 5(1) തീരുമാനം)27-11-18-ൽ ടിയാന് സെലക്ഷൻ നോട്ടീസ് നൽകുകയും തുടർന്ന് 17-12-18-ൽ കരാറിലേർപ്പെട്ട് പ്രവൃത്തിസ്ഥലം കൈമാറുകയും ചെയ്തിരുന്നു. കരാർവ്യവസ്ഥ അനുസരിച്ച് 15-7-19-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2019-20 വർഷം സ്പിൽ ഓവറായി തുടർന്നുവെങ്കിലും പ്രവൃത്തി നടപ്പാക്കിയതായി യാതൊരുരേഖകളും ഫയലിൽ ലഭ്യമല്ല. കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ച് ഇനിഷ്യൽ ലവൽസ് എടുത്തതിനുശേഷം പ്രവൃത്തി തുടർന്ന് നടത്താത്തത് സംബന്ധിച്ചും കരാർ കാലാവധികക്കം പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃനടപടികൾ സ്വീകരിക്കുന്നതാണെന്നും കരാറുകാരന്റേതല്ലാതത കാരണത്താൽ പ്രവൃത്തിനടത്തുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ വിവരം 7 ദിവസത്തിനകം രേഖാമൂലം അറിയിക്കണമെന്നും കാണിച്ച് കരാറുകാരന് 24-6-2019-ലും 4-11-2019-ലും രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. തുടർന്ന് 15-7-2019-ൽ പൂർത്തീകരണകാലാവധി അവസാനിക്കുന്നതിനാൽ ആയത് നീട്ടി അംഗീകാരം വാങ്ങേണ്ടതാണെന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പക്കുന്നതാണെന്നും അറിയിച്ചുവെങ്കിലുംറോഡ്നിർമ്മാണത്തിനാവശ്യമായ മണ്ണ് വെട്ടിക്കുന്ന് പള്ളിപോട്ടച്ചിറ റോഡിൽനിന്നും ലഭ്യമായത് ജൂൺമാസം 28-ാം തീയതിയോടുകൂടിമാത്രമാണെന്നും എന്നാൽ പിന്നീട് പ്രതികൂലകാലാവസ്ഥ കാരണം പ്രവൃത്തി നടത്താൻ സാധിച്ചില്ലായെന്നും ആയതിനാൽ ഡിസംബർ31 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും കരാറുകാരൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ മറുപടിന്മേൽ തുടർനടപടികളൊന്നും ഉണ്ടായിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

റോഡ് പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വാർഡു മെമ്പർ സമർപ്പിച്ച കത്ത് 3-2-2020 ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്യുകയും ടി റോഡിന്റെ നിർമ്മാണത്തിന് വാർഷികപദ്ധതിയിൽപ്പെടുത്തി 50000/-രൂപ വകയിരുത്തിയിരുന്നതായും എന്നാൽ കരാറുകാരനായ ശ്രീ .ബിജുതോമസ് 13000/-രൂപയുടെ മണ്ണ്പണി മാത്രം നടത്തിയതിനുശേഷം പിന്നീട് ഒരുപണിയും ചെയ്തിട്ടില്ലായെന്നും കമ്മിറ്റി വിലയിരുത്തുകയും പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന്റെ പേരിൽ റിസ്ക്& കോസ്റ്റ് ചുമത്തുന്നതിനും ടിയാനെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും എൽ.എസ്.ജി.അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നതായും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽവിഷയവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. 13000/-രൂപ കരാറുകാരന് അനുവദിച്ചതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല.

പ്രോജക്ട്നിർവ്വഹണം തടസ്സപ്പെട്ടതിന്റെ യഥാർത്ഥ കാരണം കണ്ടെത്തേണ്ടതും കരാറുകാരന്റേതല്ലാത്ത കാരണം കൊണ്ടാണെങ്കിൽ കരാറുകാരനെക്കൊണ്ട്തന്നെ പ്രവൃത്തി നടപ്പാക്കാവുന്നതും, കരാറുകാരന്റെ വീഴ്ചമൂലമാണ് പ്രവൃത്തി നിർവ്വഹണം തടസ്സപ്പെട്ടതെങ്കിൽ കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിനടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-36 തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2019-20 വർഷം പുതിയ തെരുവുവിളക്കുകൾ വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി ചുവടെ ചേർക്കും പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | വകയിരുത്തൽ | ചെലവ് |
|---|---|---|
| 7/2019-20<br>തെരുവുവിളക്ക് മെയിന്റനൻസ്-ലേബർചാർജ് | 300000( സി.എഫ് സി ഗ്രാന്റ്) | 244200/- (ആകെ 300000/- രൂപയുടെ ബിൽ സമർപ്പിച്ചിരുന്നതിൽ 55800/-രൂപയുടെ ബിൽ ക്യൂലിസ്റ്റിലായി ) |
| 6/19-20<br>തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി,ഉപകരണം വാങ്ങൽ,ഇൻസ്റ്റലേഷൻ | 300000 ( സി.എഫ് സി ഗ്രാന്റ്) | തൻവർഷം തുക ചെലവഴിച്ചില്ല (253910/-രൂപയുടെ ക്യൂലിസ്റ്റിലായത് 23-4-21 -ൽ പാസായിട്ടുണ്ട്) |

ഗ്രാമപഞ്ചായത്തിലെ കേടായ വഴിവിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുമായി മേൽപ്പറഞ്ഞ പ്രോജക്ടുകൾപ്രകാരം തൻവർഷം 244200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക്പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തുഡയറക്ടറുടെ 17-8-15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ ചുവടെ ചേർക്കുന്ന പൊതുനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)ഓരോവാർഡിലും മെയിന്റനൻസ് നടത്തിയതോ പുതിയതായി സ്ഥാപിച്ചതോ ആയ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് അതാത് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. പ്രസ്തുത പ്രോജക്ടുകളുടെ മോണിറ്ററിംഗ് സമിതി പ്രോജക്ട്നിർവ്വഹണം മേൽനിരീക്ഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

2)ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

3)ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

6) പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ തെരുവുവിളക്കുപകരണങ്ങളുടെ റിക്വയർമെന്റ് നിശ്ചയിച്ചിട്ടുള്ളത് എപ്രകാരമെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല .

മേൽവിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നമ്പർ 10/04.02.2022) മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്.

1-37 അങ്കണവാടികൾക്ക് കുഴൽക്കിണർനിർമ്മാണം- 2 അങ്കണവാടികളിൽ കിണർനിർമ്മിച്ചിട്ടില്ല.-2,34,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 6 അങ്കണവാടികൾക്ക് കുടിവെള്ള ലഭ്യതയ്ക്കായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആകെ 700000/-(ബിൽനമ്പർ 3/14-6-19) രൂപ വകുപ്പിന് കൈമാറുകയും ഭൂജലവകുപ്പുമായി നിയമാനുസരണം കരാർ ചമയ്ക്കുകയും ചെയ്തിരുന്നു. ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് | അങ്കണവാടി നമ്പർ | ഡെപ്പോസിറ്റ്തുക |
|---|---|---|---|
| 1 | 19 | 91- വള്ളിക്കാട്ട് അങ്കണവാടി | 121000 |
| 2 | 14 | 89- കാരക്കാട്ടുകുന്ന് | 116000 |
| 3 | 8 | 79- കരിയാപ്പിലക്കവല | 100000 |
| 4 | 18 | 92- വെള്ളത്തടം | 118000 |
| 5 | 9 | 78- പീടികപ്പടി | 106000 |
| 6 | 5 | 73- കൈതളാവ് | 139000 |
| | | ആകെ | 700000 |

പ്രവൃത്തിനിർവ്വഹണം ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ നിലവിലെ സ്ഥിതിവിവരങ്ങളും ചെലവഴിച്ച തുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

ലഭ്യമാക്കിയ മറുപടിയിൽ 91, 73, 78, 79 എന്നീ നമ്പരുകളിലുള്ള അങ്കണവാടികളിൽ കിണർപണി പൂർത്തീകരിച്ചതായും അവ ഉപയോഗപ്രദമാണെന്നും അറിയിച്ചു. എന്നാൽ 89-ാം നമ്പർ അങ്കണവാടിയുടെ കാര്യത്തിൽ പ്രവൃത്തി തുടങ്ങിവച്ചതിനുശേഷം ഇടക്കുവച്ച് നിർത്തിവച്ചതായും, 92-ൽ കുഴൽകിണർ നിർമ്മിച്ചിട്ടില്ലെന്നും വ്യക്തമാക്കുകയുണ്ടായി. മേൽസാഹചര്യത്തിൽ 14-ാം വാർഡിലെ 89, 18-ാംവാർഡിലെ 92, 8-ാം വാർഡിലെ 79 നമ്പർ അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ള 2,34000/- (116000+118000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് ലഭിക്കുന്നതിനും, കുഴൽക്കിണർനിർമ്മാണം സാധ്യമല്ലാത്തപക്ഷം നിക്ഷേപത്തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-38 ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല

1) 237/19-20 സ്ട്രീറ്റ്മെയിൻവലിക്കൽ-

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 2018-19 ൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 2400000/-രൂപ വകയിരുത്തി ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ ഭാഗമായി തൻവർഷം 118000/- രൂപ ( ബിൽനമ്പർ 27/20-2-20) കെ.എസ്.ഇ.ബി മീനടം ശാഖയിൽ അടവാക്കിയിട്ടുണ്ട്. മുൻവർഷം പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 22,80,607/-രൂപ കെ.എസ്.ഇ.ബി മീനടം,വാകത്താനം ശാഖകളിൽ അടവാക്കിയിരുന്നതാണ്. പ്രോജക്ട്പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

2) 197/19-20-പള്ളിക്കുന്ന് കുടിവെള്ളപദ്ധതി- ടാങ്ക് നവീകരണം

മേൽപ്രോജക്ടിനുവേണ്ടി സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ്ജുൾപ്പെടെ ആകെ 910000/- രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയത്. സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ് കൂടാതെ 800000/- രൂപ 18-19 -ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം എസ്റ്റിമേറ്റ്പ്രകാരമുള്ള ബാക്കിതുക 60000/-രൂപയും (ചെക്ക് നമ്പർ 0900974/29-7-19 ) പ്രോജക്ട് പ്രകാരം കൈമാറിയിട്ടുണ്ട്. ടാങ്കിന്റെ പണി പൂർത്തീകരിച്ച് പൂർത്തീകരണസാക്ഷ്യപത്രവും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിൽ ലഭ്യമായിട്ടില്ല.

മേൽപ്പറഞ്ഞ നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണപുരോഗതി അഥവാ പൂർത്തീകരണവിവരം ,ചെലവുതുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയിൽനിന്നും പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൈമാറിയ തുകകളുടെ വിനിയോഗവിശദാംശങ്ങൾ നിർവ്വഹണ ഏജൻസികളിൽനിന്നും ലഭ്യമാകുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതുമാണ്.

## 1-39 ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ - സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ഉപയോഗശൂന്യമായി തുറന്ന അവസ്ഥയിലുള്ള കുഴൽക്കിണറുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ 12-11-19-ലെ കത്ത് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ 19, 8 വാർഡുകളിലും 3- ാം വാർഡിലെ പാണകുന്ന് ഭാഗത്തും ഉപയോഗശൂന്യമായി തുറന്ന അവസ്ഥയിലുള്ള കുഴൽക്കിണറുകൾ ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവ അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിവരം ഭൂജലവകുപ്പിനെ അറിയിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു (

29-11-19-ലെ അജണ്ട-6 തീരുമാനം -1)

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്ന് രേഖാമൂലം ( ഓഡിറ്റ് എൻക്വയറി നം 11/05.02.2022) ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കമ്മിറ്റി തീരുമാനത്തിൽ പരാമർശിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലും സ്കൂളുകളിലുമുൾപ്പെടെ കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുള്ള സാഹചര്യത്തിൽ ഓരോ വാർഡുകളിലും മനുഷ്യജീവന് ഭീഷണിയായി തുറന്ന അവസ്ഥയിലുള്ള കുഴൽക്കിണറുകൾ ഉണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

1-40 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

| പ്രോജക്ട് നമ്പർ /പേര് | അടങ്കൽ | സാംഖ്യ പത്രിക പ്രകാരം ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|
| 227/20 ലൈഫ് (ജനറൽ) (SO) | 3500000 സംസ്ഥാനവിഹിതഫണ്ട് 2500000 ബ്ലോക്ക് പഞ്ചായത്ത് 2500000 ജില്ലാ പഞ്ചായത്ത് 3131505 മറ്റുള്ളവ | 2651505<br>0<br>440000<br>2080000 | 2651505<br>2500000<br>440000<br>2080000 |
| ആകെ | 11631505 | 5171505 | 7671505 |

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്കിൽ നിന്നും ലഭിച്ച 25 ലക്ഷം രൂപയുടെ വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. 2019-20ൽ ബ്ലോക്കിൽ നിന്നും 25 ലക്ഷം രൂപ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയതിനാൽ ബ്ലോക്കിൽ നിന്നും ടി തുക മാപ്പ് ചെയ്യാൻ സാധിച്ചില്ല. പഞ്ചായത്തിൽ നിന്നും ടി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഓഫ് ലൈൻ ബിൽ പ്രകാരം പഞ്ചായത്ത് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും ടി തുക തൻവർഷം ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത തുകയുടെ ചെലവ് പ്രതിഫലിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-41 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നിർമ്മാണ ഘട്ടത്തിന്റെ സ്റ്റേജ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലെ വിവിധ പ്രോജക്ടുകളിൽ തൻ വർഷം ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ വീട് നിർമ്മാണം സംബന്ധിച്ച വിവിധ സ്റ്റേജുകളിലെ വി.ഇ.ഒ യുടെ സ്റ്റേജ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജിയോ ടാഗിംഗിന് ആവശ്യമായ തുടക്കം മുതൽ ഒടുക്കം വരെയുള്ള വീട് നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളുടെ ഫോട്ടോ പല അപേക്ഷകളിലും സൂക്ഷിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 06/06/2020-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് ( 02/02/22 ൽ) പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ലഭിച്ച തിയതി | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2575000 | 2019-20 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ ( എസ് സി പി ) | 2575000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 271000 | 2019-20 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (വനിത) | 271000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 238707 | 2019-20 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 238707 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 2019-20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2500000 | 2019-20 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ( ജനറൽ ) | 2500000 | 0 |
| ആകെ | 5884707 | | | 5884707 | 0 |
| ജില്ലാ പഞ്ചായത്ത് | 440000 | 2019-20 | ലൈഫ് പദ്ധതി ( ജനറൽ ) | 440000 | 0 |
| ജില്ലാ പഞ്ചായത്ത് | 9955000 | 2019-20 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ ( ജനറൽ ) | 9955000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 10395000 | | | 10395000 | 0 |

ലൈഫ് ഭവന നിർമ്മാണ പദ്ധതി ( ജനറൽ )-2500000 യുടെ ചെലവ് ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അങ്കണവാടികൾക്ക് കുടിവെള്ള ലഭ്യത | 700000 | 0 | 700000 |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കൽ | 118000 | 0 | 118000 |
| 3 | കേരള വാട്ടർ അതോറിറ്റി | പള്ളിക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണത്തിന് അധിക വിഹിതം | 60000 | 0 | 60000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ . വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ലോൺ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച ലോൺ തുക | 2019-20 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018, കരാർ നം.04/18-19 | 6707423 | 6707423 | 2300000 | 316177 | 8691246 |
| E.M.S ഭവന വായ്പ | സ.ഉ.(ആർ.ടി) 823/10 ത.സ്വ.ഭ.വ, തീയതി. 11.3.10 | 16102500 | 833682 | 0 | 833682 | 0 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2017-18 | 3-1 | 756 | ശ്രീമതി.രഞ്ജിനി ജി ആർ , സീ.ക്ലാർക്ക് | 119040105843/ 16.12.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 102762585 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71442637 |
| നീക്കിയിരിപ്പ് | 31319948 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 234000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 234000 | ശ്രീ. എം.എൻ. വിജയൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 | എൽ എഫ് കെ പി8/388 /96/11.1.10/ 8.3.10 | 9 |
| 1996-97 | എൽ.എഫ്.കെ.പി3/60/98/ 10.1.10/8.3.10 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/ 10.2.99/2.3.99 | |
| 01.04.98-30.6.98 (ജനകീയാസൂത്രണം) | പി8.482/00/16.11.2002. ചാർജ്/സർചാർജ്ജ് പ്രൊപ്പോസൽ അയച്ചത് | 9 |
| 1999-2000 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(5)2018/1.2.2018 | 2 |
| 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(2)2018/1.2.2018 | 7 |
| 1994-95, 1995-96 | പി8/888/08/ 31.3.2009/13.4.2009 | |
| 1998-99 | പി1/190/അദാ/22.2.2011 (ഭാഗം 3 ചെലവ് റിപ്പോർട്ട് നിലനിൽക്കുന്നു എന്ന പരാമർശം മാത്രമെ ഉള്ളൂ) | |
| 1998-99 (ചെലവ്) | പി8/994/00/05.01.2001/ 07.05.2002 | 17 |
| 2002-03 ഡി സി ബി | പി8- 123/08, 2.5.09/6.7.09 | 10 |
| 2002-03 | പി8/22/05/1.4.05 | 14 |
| 2003-04 | പി8/124/08/2.5.09, 6.7.09 | |
| 2005-06 | പി10/അദാ.18.186(6)2018 /1.2.2018 | 7 |
| 2006-07 | കെ.എസ്.എ -കെ.ടി.എം. പി10/അദാ.18. 186(8)2018/1.2.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി10/അദാ.18. 186(7)2018/1.2.2018 | 6 |
| 2011-12 | കെ.എസ്.എ- കെ.ടി.എം.പി3/ 1201/13/ 20.3.16 | 4 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി3/1137/14/ 1.2.16 | 14 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3/777/15/12.8.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3/1848/16/17.2.2017 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/ 1879/17/22.1.2018 | 9 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/ 1880/17/22.01.2018 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10/242/19, 06.03.2019 | 20 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10/1396/19, 12.10.2019 | 33 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ല ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്